നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പ് ഓഡിറ്റ് ചെയ്യുന്ന എല്ലാ മേഖലകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഓഡിറ്റ് മാന്വൽ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി വകുപ്പിന്റെ ഏതാനും ജില്ലാകാര്യാലയങ്ങൾ നവീകരിക്കാൻ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്.

(ബി) ഓഡിറ്റ് പ്രക്രിയ കാര്യക്ഷമമാക്കുകയും ഓഡിറ്റ് കാലതാമസവും കുടിശ്ശികയും കുറയ്ക്കുകയുമാണ് സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിന്റെ പ്രധാന ലക്ഷ്യം. ജില്ലാ കാര്യാലയ നവീകരണത്തിലൂടെ പ്രസ്തുത ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കമ്പ്യൂട്ടർവത്ക്കരണത്തിന് അനുയോജ്യമായ രീതിയിൽ നെറ്റ് വർക്കിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നിവ ഉൾപ്പെടെ നവീകരിക്കാൻ സാധിക്കും. ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിലൂടെ ഓഡിറ്റ് വകുപ്പിന്റെ കാര്യക്ഷമതയും ഓഡിറ്റിന്റെ നിലവാരവും ഉയർത്താൻ സാധിക്കും.

(സി) എയിംസ് സോഫ്റ്റ്വെയറിന്റെ മൂന്നാം ഘട്ടം വികസിപ്പിക്കുന്നതിനും ഓഡിറ്റ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനും വകുപ്പിന്റെ പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലാ കാര്യാലയങ്ങൾ നവീകരിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ലോകബാങ്ക് സഹായത്തോടെ ഓഡിറ്റ് മാന്വൽ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു ലെയ്സൺ ടീം രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

കെ.എസ്.എഫ്.ഇ. ജീവനക്കാര്യം

93 (3198) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ കഴിഞ്ഞ വർഷം ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിന്ന് ജോലി രാജിവച്ചവർ എത്രയെന്ന് വിശദമാക്കുമോ ;

(ബി) കെ.എസ്.എഫ്.ഇ.-യിൽ നിലവിൽ ജോലി നോക്കുന്ന വിമുക്തഭടൻമാരുടെ വിശദവിവരം, പേര്, എണ്ണം, ജോലി നോക്കുന്ന ബ്രാഞ്ച്, തസ്തിക എന്നിവ തരം തിരിച്ച് നൽകാമോ ;

(സി) കെ.എസ്.എഫ്.ഇ.-യിൽ ഓഫീസ് അറ്റൻഡന്റ് തസ്തികകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ വർഷം 87 പേർ കെ.എസ്.എഫ്.ഇ. ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും രാജി വച്ചിട്ടുണ്ട്.

(ബി) കെ.എസ്.എഫ്.ഇ.യിൽ നിലവിൽ ജോലി നോക്കുന്ന വിമുക്തഭടന്മാരുടെ എണ്ണം 632 ആണ്. ഇതിന്റെ വിശദവിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ആറുമാസത്തിലൊരിക്കൽ നടത്തപ്പെടുന്ന ബിസിനസ്സ് പുനരവലോകനങ്ങളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.എഫ്.ഇ.-യിൽ ഓഫീസ് അറ്റൻഡന്റ് തസ്തികകൾ രൂപീകരിക്കുന്നത്. കാലാകാലങ്ങളിൽ കമ്പനി മാനേജ്മെന്റും ജീവനക്കാരുടെ യൂണിയൻ പ്രതിനിധികളുമായി ഏർപ്പെടുന്ന ഉടമ്പടിയുടെ അടിസ്ഥാനത്തിലും പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിലുമാണ് ഇത് നിർണ്ണയിക്കുന്നത്. ഇതുസംബന്ധിച്ച് പ്രത്യേക ഉത്തരവില്ല.

ഗ്രാമ കോടതികൾ

94 (3200) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. വി. ശശി :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ കോടതികൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; അവ എവിടെയെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഗ്രാമ കോടതികൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രാമ കോടതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ യഥാസമയം പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര സമയത്തിനുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.